**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** **27-06-2022 - ൽ മറുപടിയ്ക്ക്**

**മൈക്രോ പ്ലാനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അത്തരത്തിൽപ്പെട്ടവരെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായോ; അതിദാരിദ്ര്യത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ ക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ നടപടികൾ പൂർത്തിയായിട്ടുണ്ട്. 64,006 അതിദരിദ്ര കുടുംബങ്ങളാണ് ടി പ്രക്രിയയിലൂടെ കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | ഇവർക്കായി അതിജീവന പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏത് രീതിയിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്; ഇവരുടെ ആരോഗ്യരക്ഷ, ജീവനോപാധികൾ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ ദൗത്യങ്ങൾക്കായി മൈക്രോ പ്ലാനുകൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഇവരുടെ ഉന്നമനത്തിനായി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്ന പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. കുടുംബാധിഷ്ഠിത സാഹചര്യങ്ങൾക്കനുസൃതമായിട്ടുള്ള, മൈക്രോപ്ലാൻ മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മൈക്രോപ്ലാനുകൾ ആവിഷ്കരിച്ച് പ്രവർത്തനം നടത്തുന്നതാണ്. |
| (സി) | നഗര ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിൽ കേരളത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കാനായിട്ടുണ്ടോ; ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | ഉണ്ട്.<br><br>ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി (എൻ.യു.എൽ.എം) നടത്തിപ്പിൽ മികച്ച പ്രവർത്തനം വിലയിരുത്തുന്നതിന് SPARK (Systematic Progressive Analytical) റാങ്കിംഗ് ദേശീയ പാർപ്പിട നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റേറ്റിംഗിൽ 2020-2021 സാമ്പത്തിക വർഷം കേരളത്തിന് ഒന്നാം റാങ്ക് ലഭ്യമായിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയിൽ പ്രധാനമായും 6 ഘടകങ്ങളാണുള്ളത്.<br><br>1)<u>സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും</u><br><br>നഗരദരിദ്രരായ വ്യക്തികളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങളെ രൂപീകരിക്കുകയും, ഇവർക്ക് |

ബാങ്ക് അക്കൗണ്ട് എടുക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കി ലഘു സമ്പാദ്യം പ്രോത്സാഹിപ്പിക്കുകയുമാണ് ഘടകത്തിന്റെ ഉദ്ദേശലക്ഷ്യം. സ്വയം സഹായ സംഘടനകളെ വാർഡ് തലത്തിൽ സംഘടിപ്പിച്ച് ഏരിയ ലെവൽ ഫെഡറേഷനുകളും, നഗരസഭാതലത്തിൽ ഏരിയ ലെവൽ ഫെഡറേഷനുകളെ ഏകോപിപ്പിച്ച് കമ്മ്യൂണിറ്റി ലെവൽ ഫെഡറേഷനുകളും രൂപീകരിക്കേണ്ടതുണ്ട്. കേരളത്തിൽ ഇത് കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തി അയൽക്കൂട്ട-എഡിഎസ്-സിഡിഎസ് ത്രിതല സംഘടനാ സംവിധാനമാണ്.

അയൽക്കൂട്ട-എഡിഎസ്-സിഡിഎസ് രൂപീകരണം, അയൽക്കൂട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, നിർജ്ജീവമായതോ/പ്രവർത്തനം മന്ദീഭവിച്ചതോ ആയ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കൽ എന്നിവ പ്രസ്തുത ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3 മാസം പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപയും, എഡിഎസുകൾക്ക് 50,000/- രൂപയും റിവോൾവിംഗ് ഫണ്ട് (ഒറ്റത്തവണ) ലഭ്യമാക്കും. 2020-21 കാലയളിൽ 1992 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും, 3123 അയൽക്കൂട്ടങ്ങൾക്ക് RF ലഭ്യമാക്കുകയും 172 ADS കൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയും ചെയ്തു.

2)നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ

നഗരപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള യുവതീ-യുവാക്കൾക്ക് (18-35 വയസ്സ് പ്രായപരിധി) നൈപുണ്യ പരിശീലനം ലഭ്യമാക്കി വേതനാധിഷ്ഠിത തൊഴിലോ (കുറഞ്ഞത് 8000/- രൂപ മാസ വരുമാനം) സ്വയംതൊഴിലോ ലഭ്യമാക്കുന്നതിന് സഹായം നൽകുന്ന ഘടകമാണിത്. നാഷണൽ സെക്ടർ സ്കിൽ കൗൺസിൽ അംഗീകാരമുള്ള സെക്ടർ സ്കിൽ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. 2020-21 കാലയളവിൽ 2363 പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകുകയും 1583 പേർ പൂർത്തിയാക്കുകയും 774 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

3)സ്വയം തൊഴിൽ പദ്ധതി

നഗര ദരിദ്രർക്ക് തങ്ങളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒറ്റയ്ക്കായോ, കൂട്ടായോ (3 മുതൽ 10 അംഗങ്ങൾ) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതാണ് ടി ഘടകം. വ്യക്തിഗത

സംരംഭങ്ങൾക്ക് 2 ലക്ഷം രൂപ വരെയും ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഇതിന് 7% ത്തിൽ അധികരിക്കുന്ന പലിശയ്ക്ക് പലിശ സബ്സിഡി നൽകുന്നതാണ്. കൂടാതെ, അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകുന്ന ലിങ്കേജ് വായ്പകൾക്കും, 7% ത്തിൽ അധികരിക്കുന്ന പലിശയ്ക്ക് പലിശ സബ്സിഡി ലഭ്യമാക്കും. 2020-21 കാലയളവിൽ 995 സംരംഭകങ്ങൾ ആരംഭിച്ചതു വഴി 1341 പേർക്ക് തൊഴിലവസരം നൽകി.

<u>4)നഗരത്തിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി</u>

തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്ക് താത്ക്കാലിക താമസത്തിന് അവസരമൊരുക്കുകയാണ് ലക്ഷ്യം. പുതിയ ഷെൽട്ടറുടെ നിർമ്മാണം നിലവിലുള്ളവയുടെ നവീകരണം (refurbishment) നടത്തി താമസ സൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. നഗരപ്രദേശങ്ങളിൽ ഇപ്രകാരം തെരുവിൽ കഴിയുന്ന വ്യക്തികളെ സർവ്വേയിലൂടെ കണ്ടെത്തി ആവശ്യാനുസരം ഷെൽട്ടർ സൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. 2020-21 കാലയളവിൽ 2 പുതിയ അഭയകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച 2 എണ്ണം നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

<u>5)നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ</u>

നഗരപ്രദേശങ്ങളിൽ തെരുവോരങ്ങളിൽ കച്ചവടം നടത്തുന്ന വ്യക്തികളുടെ സാമൂഹ്യക്ഷേമ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുകയാണ് ലക്ഷ്യം. 24643 തെരുവുകച്ചവടക്കാരെ സർവ്വേയിലൂടെ കണ്ടെത്തുകയും 7235 പേർക്ക് PM Svanidhi പദ്ധതി പ്രകാരം ലോൺ ലഭ്യമാക്കുകയും ചെയ്തു.

<u>6)കാര്യശേഷി വികസനവും പരിശീലനവും</u>

എൻയുഎൽഎം പദ്ധതിയുടെ ഭാഗമായ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ്, വിവിധ സ്റ്റേറ്റ്ഹോൾഡർമാർ, ത്രിതല സംഘടനാ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം ലഭ്യമാക്കുകയാണ് ഈ ഘടകത്തിലൂടെ ചെയ്യുന്നത്.

| | | | |
|---|---|---|---|
| | | | ഓരോ സാമ്പത്തിക വർഷവും മേൽപ്പറഞ്ഞ ഘടകങ്ങൾക്കുള്ള ടാർഗറ്റ് നഗര-പാർപ്പിട ഭവനകാര്യ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാറുണ്ട്. ആയത് സംബന്ധിച്ചിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടാണ് റാങ്കിംഗ് പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ